LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽവച്ച് എമർജിങ് കേരള സംഗമം കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിരുന്നു. കേരളത്തെ ഒരു വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനുമുന്നിൽ അവതരിപ്പിക്കുകയായിരുന്നു എമർജിങ് കേരള സംഗമത്തിലൂടെ ലക്ഷ്യമിട്ടത്. ആയതിനാൽ പ്രത്യേക നിക്ഷേപ ലക്ഷ്യം കണക്കാക്കിയിരുന്നില്ല. കൂടാതെ ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിങ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു. എമർജിങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളിലാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23,334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയുംകൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

(ബി) എമർജിങ് കേരള 2012 മായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതുവരെ 19.73 കോടി രൂപ കെ.എസ്. ഐ.ഡി.സി. മുഖേന ചെലവഴിച്ചിട്ടുണ്ട്.

വ്യവസായ വികസനം സംബന്ധിച്ച്

157(2358) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനും സംരംഭവികസനത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കുമോ;

(ബി) കിൻഫ്രയുടെ ഇത് സംബന്ധമായ പുതിയ പ്രോജക്ടുകൾ എന്തെല്ലാമാണ്; പ്രസ്തുത പ്രോജക്ടുകൾ എവിടെയെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ വികസനത്തിനും സംരംഭ വികസനത്തിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സംരംഭകത്വ സഹായ പദ്ധതിവഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ് വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ് സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക് തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസനപരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവത്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിൽ നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ് നിക്ഷേപ സംഗമങ്ങൾ തുടങ്ങിയ പരിപാടികൾവഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിച്ചുവരുന്നു. കൂടാതെ BLBC, SLBC മുതലായ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വ്യവസായ വികസനവും സംരംഭക വികസനവും മുൻനിർത്തി കേരളത്തിലെ നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിന് എമർജിങ് കേരള, പാലക്കാട് ജില്ലയ്ൽ വ്യവസായ നിക്ഷേപ സംഗമം മുതലായ പരിപാടികൾ സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിട്ടുണ്ട്. 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽവച്ചാണ് എമർജിങ് കേരള നടത്തിയത്. കൂടാതെ, സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാനത്ത് ഇടത്തരം, വൻകിട വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമിയും ധനവായ്പയും വിവിധ വകുപ്പുകളിൽനിന്നുള്ള ക്ലിയറൻസുകളും കെ.എസ്. ഐ.ഡി.സി. മുഖേന ലഭ്യമാക്കിവരുന്നു. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. രൂപം കൊടുത്തതാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിംഗുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വദിനമായ നവംബർ 19-ന് കൊച്ചിയിൽ വനിതാ സംരംഭകത്വ സമ്മേളനം (We Summit 2015, WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, കേരളത്തിലെ വിദ്യാർത്ഥി/ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിലേയ്ക്കായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്. ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ യുവസംരംഭക സംഗമം (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി യെസ് ക്യാൻ 2015 എന്ന പേരിൽ യുവസംരംഭകർക്കായി ഒരു സംഗമവും കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ വികസനത്തിനുവേണ്ടി കിൻഫ്ര സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്.

- വ്യവസായത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനം നടപ്പാക്കുക.

(ബി) കിൻഫ്രയുടെ പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

<u>വ്യവസായ വാണിജ്യ മേഖലകൾ:</u>

സംസ്ഥാനത്തെ വൻനഗരങ്ങളിൽ വൻകിട വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുവാൻ കിൻഫ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കണ്ണൂർ നഗരങ്ങളിൽ ഈ ആവശ്യത്തിലേയ്ക്കായി അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തിക്കഴിഞ്ഞു.

<u>ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (ഗ്രീൻ ഫീൽഡ്) ഇലക്ട്രോണിക് പാർക്ക്:</u>

കേന്ദ്രസർക്കാരിന്റെ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ ഇലക്ട്രോണിക് സിസ്റ്റം ഡിസൈനിംഗിനും അതിന്റെ ഉൽപ്പാദനത്തിനും വേണ്ടി ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഇതുമായി ബന്ധപ്പെട്ട വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി 2012-ൽ നടപ്പിലാക്കിയ പദ്ധതിയാണിത്. ഇത് കേന്ദ്രസർക്കാർ സാമ്പത്തിക സഹായമായി ആകെ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമുള്ള തുകയുടെ 50% ലഭ്യമാക്കുന്നതാണ്. (50 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.) കിൻഫ്രയുടെ കാക്കനാടുള്ള വ്യവസായ പാർക്കിൽ 67 ഏക്കർ സ്ഥലം ഇതിനായി നീക്കിവച്ചിട്ടുണ്ട്.

മെഗാ ഫുഡ് പാർക്ക്, പാലക്കാട്:

കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ മെഗാ ഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 73 ഏക്കർ സ്ഥലത്ത് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിൽനിന്നാണ് പ്രസ്തുത പദ്ധതിക്ക് അന്തിമ അനുമതി ലഭിക്കുന്നത്.

ഗ്ലോബൽ ആയുർവേദ വില്ലേജ്:

193 കോടി രൂപ മുതൽമുടക്കുള്ള ഗ്ലോബൽ ആയുർവ്വേദ വില്ലേജ് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്കായി തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ:

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ കാക്കനാട് കിൻഫ്രയുടെ കൈവശമുള്ള 10 ഏക്കർ ഭൂമിയിൽ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന് നടപടികൾ

158(2359) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ പാലക്കാടിന്റെ സ്ഥാനം എത്രാമതാണ്;

(സി) ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം; എന്നാണ് അടച്ചുപൂട്ടിയത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര കേന്ദ്ര നിക്ഷേപം ഉണ്ടായി; വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly